**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6325** **10-07-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞൂർ പഞ്ചായത്തിലെ കുടിവെള്ള സംഭരണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള സംഭരണി നിർമ്മിക്കുന്നതിനായി സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ; എങ്കിൽ എത്ര സെന്റ് സ്ഥലമാണ് ഇപ്രകാരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സ്ഥലം ലഭിച്ചിട്ടുണ്ട്. ഒരു വ്യക്തി സൗജന്യമായി പഞ്ചായത്തിന് നൽകിയ 10 സെന്റ് സ്ഥലത്താണ് വാട്ടർ ടാങ്ക് നിർമ്മിക്കുന്നത്. |
| (ബി) | ഇവിടെ എത്ര ശേഷിയുള്ള കുടിവെള്ള സംഭരണിയാണ് നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ജലസംഭരണി നിർമ്മിക്കാനുള്ള പ്രസ്തുത പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | 10.20 ലക്ഷം ലിറ്റർ ശേഷിയുള്ള കുടിവെള്ള സംഭരണി നിർമ്മിക്കുവാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ടെൻഡറിൽ അനുവദനീയമായ തുകക്ക് ഓഫർ ലഭിക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് നടത്തി ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | നിർദ്ദിഷ്ട കുടിവെള്ള സംഭരണി നിർമ്മിക്കേണ്ട സ്ഥലത്തേക്ക് പൊതുവഴിയുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ വഴിയുണ്ടാക്കാനുള്ള നീക്കം ജലവിഭവ വകുപ്പ് നടത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (സി) | ഈ സ്ഥലത്തേക്ക് നിലവിലുള്ള ഒരു കനാൽ ബണ്ട് റോഡിലൂടെ പ്രവേശിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ